**തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ (റൂറൽ) -ടെ നടപടിക്രമം**

(ഹാജർ : Apurva Tripathi IAS)

വിഷയം: തസ്വഭവ – പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - ജീവനക്കാര്യം - സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ / സെക്കന്റ് ഗ്രേഡ് ഓവർസീയർ (സിവിൽ) തസ്തികയിൽ നിന്നും ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ / ഫസ്റ്റ് ഗ്രേഡ് ഓവർസീയർ (സിവിൽ) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

പരാമർശം:
1) സ. ഉ. (പി) നം.75/2022/LSGD, തീയതി:27/10/2022.
2) തസ്വഭവ ചീഫ് എഞ്ചിനീയറുടെ 29/02/2016 തീയതിയിലെ No.E22/12300/2015/CE/LSGD നടപടിക്രമം.
3) 19/02/2022 തീയതിയിലെ നമ്പർ. ഇഡബ്ല്യുഎ3/387/21/തസ്വഭവ സർക്കാർ കത്ത്.
4) തസ്വഭവ ഡയറക്ടർ (റൂറൽ) -ടെ 28/06/2025 ലെ നം.LSGD/PD/1876/2023-DEE1 നടപടിക്രമം.

**ഉത്തരവ് നമ്പർ .LSGD/PD/1876/2023-DEE1 തീയതി:22-10-2025**

തദ്ദേശസ്വയംഭരണ വകുപ്പിൽ സ്ഥാനക്കയറ്റംമൂലം ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ / ഫസ്റ്റ് ഗ്രേഡ് ഓവർസീയർ (സിവിൽ) തസ്തികയിൽ ഉണ്ടായിട്ടുള്ള ഒഴിവിലേക്ക് സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ / സെക്കന്റ് ഗ്രേഡ് ഓവർസീയർ (സിവിൽ) തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന അർഹതയുള്ള ജീവനക്കാരന് സീനിയോരിറ്റി ക്രമമനുസരിച്ച് ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ / ഫസ്റ്റ് ഗ്രേഡ് ഓവർസീയർ (സിവിൽ) തസ്തികയിലേക്ക് 37400-79000 രൂപ (പുതുക്കിയത്) ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം നൽകി ജീവനക്കാരന്റെ പേരിന് നേരെ സൂചിപ്പിച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ / ഓഫീസിൽ നിയമിച്ച് ഉത്തരവാകുന്നു.

| Sl No. | Rank No. | Name and PEN | Present Station | Place of Posting |
|---|---|---|---|---|
| 1 | 1254 | Sudhy P (439173) | Kavilumpara Grama Panchayat, Kozhikode | Office of the Executive Engineer, District Panchayat, Kozhikode |

ടി ജീവനക്കാരന്റെ ടി തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ / ഓഫീസിലെ നിയമനം 2025

വർഷത്തെ പൊതുസ്ഥലംമാറ്റ അന്തിമ ക്യൂ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അനുവദിച്ചിട്ടുള്ള സ്ഥലംമാറ്റത്തിന്മേൽ ജീവനക്കാർ സർക്കാരിൽ സമർപ്പിക്കുന്ന അപ്പീൽ അപേക്ഷ പരിശോധിച്ച് അർഹരായ ജീവനക്കാർക്ക് സ്ഥലംമാറ്റം നൽകുന്നതിലേക്കായി പുന:പരിശോധിക്കുന്നതായിരിക്കും. പുന:പരിശോധനയുടെ ഭാഗമായി മറ്റൊരു സ്റ്റേഷനിലേക്ക് ടിയാളെ സ്ഥലംമാറ്റേണ്ടുന്നതായി കാണുന്ന പക്ഷം നിലവിലെ സ്റ്റേഷനിൽ തുടരുന്നതിന് ടി ജീവനക്കാരന് അർഹതയുണ്ടായിരിക്കുന്നതല്ല. ഇത്തരത്തിൽ പുന:പരിശോധനയുടെ ഭാഗമായി സ്ഥലംമാറ്റപ്പെടുന്ന ജീവനക്കാരുടെ, അതേ സ്റ്റേഷനിൽ തന്നെ തുടരുന്നതിനുള്ള അപേക്ഷകളും അവകാശവാദങ്ങളും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരൻ ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ / ഫസ്റ്റ് ഗ്രേഡ് ഓവർസീയർ (സിവിൽ) തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ രണ്ട് വർഷത്തെ സേവനകാലയളവിനുള്ളിൽ ഒരു വർഷത്തെ പരിവീക്ഷണകാലം തൃപ്തികരമായി പൂർത്തിയാക്കേണ്ടതാണ്.

ബന്ധപ്പെട്ട നിയന്ത്രണാധികാരികളും അതത് ഓഫീസ് മേധാവിമാരും ഈ ഉത്തരവ് പ്രാബല്യത്തിൽ വരുത്തേണ്ടതും, മേൽ സ്ഥാനക്കയറ്റ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരനെ അടിയന്തിരമായി നിലവിലെ ചുമതലയിൽ നിന്നും വിടുതൽ ചെയ്യേണ്ടതുമാണ്.

ഈ ഉത്തരവ് അടിയന്തരമായി നടപ്പിൽ വരുത്തുന്നു എന്ന് ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതും, ഉത്തരവ് നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തുന്ന നിയന്ത്രണാധികാരികളുടെ വിവരം യഥാസമയം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

***ജീവനക്കാരന്റെ വിടുതൽ, സേവനത്തിൽ പ്രവേശിക്കൽ എന്നീ നടപടികൾ അതത് ഓഫീസ് മേധാവിമാർ ജനറൽ ട്രാൻസ്ഫർ വെബ്സൈറ്റ് മുഖാന്തിരം ഓൺലൈനായി മാത്രമേ നടപ്പിലാക്കാൻ പാടുള്ളൂ***. ആയത് നടപ്പിലാക്കുന്നുവെന്ന് ജില്ലാ ജോയിന്റ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതുമാണ്.

സ്ഥാനക്കയറ്റ ഉത്തരവ് ***principaldirectorate.lsgkerala.gov.in*** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

Apurva Tripathi IAS
DIRECTOR (RURAL)

ബന്ധപ്പെട്ട ജീവനക്കാരന് (നിയന്ത്രണാധികാരി മുഖാന്തിരം).

പകർപ്പ് :
1. തസ്വഭവ ഡയറക്ടർ (റൂറൽ) -ടെ സി. എ. യ്ക്ക്.
2. ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, കോഴിക്കോട്.
3. ചീഫ് എഞ്ചിനീയർ, LSGD.
4. ബന്ധപ്പെട്ട ഓഫീസ് മേധാവിമാർക്ക് (ജില്ലാ ജോയിന്റ് ഡയറക്ടർ മുഖാന്തിരം).
5. സൂപ്രണ്ട്, GEA സെക്ഷൻ.
6. സൂപ്രണ്ട്, ഐ. ടി. സെക്ഷൻ (ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
7. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

Signed by
Apurva Tripathi
Date: 22-10-2025 15:24:09